# കേരള സർക്കാർ
# ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 20 ശനി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## പ്രളയം: ജില്ലയിൽ നടപ്പാക്കിയത് 775 കോടി രൂപയുടെ പുനർനിർമ്മാണ പദ്ധതികൾ

2018 ലെ പ്രളയം സൃഷ്ടിച്ച നാശനഷ്ടങ്ങൾ മറിക്കടക്കാനുള്ള അതിജീവന-പുനർ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി തൃശൂർ ജില്ലയിൽ നടപ്പാക്കിയത് 775 കോടി രൂപയുടെ പദ്ധതികൾ. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും തദ്ദേശസ്ഥാപനങ്ങളും ചേർന്നാണ് പുനർനിർമ്മാണത്തിനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചത് നടപ്പാക്കിയത്. പ്രളയാനന്തരം സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നതിനായി സംഘടിപ്പിച്ച ജനകീയം ഈ അതിജീവനം പരിപാടിയിൽ ജില്ലാ കളക്ടർ എസ് ഷാനവാസ് അവതരിപ്പിച്ച റിപ്പോർട്ടിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

സംസ്ഥാനത്ത് പ്രളയം ഏറ്റവുമധികം ദുരിതം വിതച്ച ജില്ലകളിലൊന്നാണ് തൃശൂർ. എങ്കിലും സർക്കാർ നടപ്പാക്കിയ പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് അതിവേഗം കഴിഞ്ഞു. അടിയന്തിര ധനസഹായമായി സർക്കാർ പ്രഖ്യാപിച്ച 10000 രൂപ 1,25,932 കുടുംബങ്ങൾക്ക് ജില്ലയിൽ വിതരണം ചെയ്തു. 125.932 കോടി രൂപ ഇതിനായി ജില്ലയിൽ ചെലവഴിച്ചു.

പൂർണ്ണമായി തകർന്ന വീടുകളിൽ 1389 വീടുകളുടെ നിർമ്മാണം ഇതിനകം പൂർത്തിയാക്കി. ഭാഗികമായി തകർന്ന 24,208 വീടുകൾക്ക് ധനസഹായം നൽകുന്നതിനായി 268.18 കോടി രൂപ ചെലവഴിച്ചു. കുടുംബശ്രീ വഴി 41,987 വനിതകൾക്ക് കുടുംബസഹായ വായ്പ ലഭ്യമാക്കി. 345.02 കോടി രൂപയുടെ വായ്പയാണ് അനുവദിച്ചത്. ഉജ്ജീവന സഹായ പദ്ധതിയിലൂടെ 19.03 കോടി രൂപ വായ്പയായി വിതരണം ചെയ്തു. 23792 കർഷകർക്ക് ദുരിതാശ്വാസ സഹായം ലഭ്യമാക്കി. കാർഷിക മേഖല പുനരുജ്ജീവിപ്പിക്കുന്നതിനായി 23.69 കോടി രൂപയാണ് ജില്ലയിൽ ചെലവഴിച്ചത്. സ്കൂൾ പൗൾട്രി ക്ലബുകൾ മുഖേന 25000 കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തു. പ്രളയത്തിൽ വിച്ഛേദിക്കപ്പെട്ട 4.28 ലക്ഷം വൈദ്യുതി കണക്ഷനുകൾ പുന:സ്ഥാപിച്ചു. 186 ട്രാസ്ഫോർമറുകളും 1388 പോസ്റ്റുകളും പുന:സ്ഥാപിച്ചു. 28.82 കോടി രൂപ വൈദ്യുതി വിതരണം പൂർവ്വസ്ഥിതിയിലാക്കാൻ ചെലവഴിച്ചു. പ്രളയത്തിൽ തകർന്ന 764 റോഡുകൾ ഇതിനകം പുനർനിർമ്മിച്ചു. പൊതുമരാമത്ത് വകുപ്പിന്റെ 12 പാലങ്ങൾ നവീകരിച്ചു. തദ്ദേശസ്ഥാപനങ്ങളുടെ 128.661 കി.മീ റോഡുകളും 13 പാലങ്ങളും അറ്റകുറ്റപ്പണികൾ നടത്തി പൂർവ്വസ്ഥിതിയിലാക്കി. ജില്ലയിലെ ആശുപത്രികളുടെ നവീകരണത്തിനായി 1.25 കോടി രൂപ ചെലവഴിച്ചു. 4 ആശുപത്രികൾ പുനരുദ്ധരിച്ചു. 9 സ്കൂളുകളുടെയും 38 അങ്കണവാടികളുടെയും പുന:നിർമ്മാണം പൂർത്തിയായി.

പ്രളയാനന്തരം ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ ജില്ലാ കളക്ടർ എസ് ഷാനവാസ് പവർപോയിന്റ് പ്രസന്റേഷനിലൂടെ വിശദമാക്കി. ടൗൺ ഹാളിൽ നടന്ന 'ജനകീയം ഈ അതിജീവനം' പരിപാടി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ ഉദ്ഘാടനം ചെയ്തു. കൃഷി വകുപ്പ് മന്ത്രി വി എസ് സുനിൽകുമാർ അദ്ധ്യക്ഷനായി.

പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്കായി നിർമ്മാണം പൂർത്തിയാക്കിയ 23 വീടുകളുടെ താക്കോൽദാനവും, ഭൂമിയും വീടും നഷ്ടമായവർക്കായി സർക്കാർ വാങ്ങി നൽകുന്ന ഭൂമിയുടെ രേഖകൾ കൈമാറലും പുനർനിർമ്മാണ പ്രക്രിയയിൽ മികച്ച പ്രകടനം കാഴ്ച്ചവെച്ചവർക്കുള്ള പുരസ്ക്കാര വിതരണവും മന്ത്രി എ സി മൊയ്തീൻ നിർവഹിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസ് തയ്യാറാക്കിയ 'പ്രളയാതിജീവനം' സിഡി പ്രകാശനവും മന്ത്രി നിർവഹിച്ചു.

കോർപ്പറേഷൻ മേയർ അജിത വിജയൻ, എം.എൽ.എമാരായ ബി.ഡി ദേവസി, കെ.വി. അബ്ദുൽ ഖാദർ, ഗീത ഗോപി, മുരളി പെരുനെല്ലി, ഇ.ടി. ടൈസൺ മാസ്റ്റർ, വി.ആർ. സുനിൽകുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മേരി തോമസ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ എൻ.കെ. ഉദയപ്രകാശ്, മാടക്കത്തറ ഗ്രമാപഞ്ചായത്ത് പ്രസിഡൻറ പി.എസ്. വിനയൻ, മുൻ മേയർ ഐ.പി പോൾ, കോൺഗ്രസ് എസ്. ജില്ലാ പ്രസിഡൻറ സി.ആർ. വത്സൻ, എഡിഎം റെജി പി ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

## പ്രളയം:
## അപ്പീൽ അപേക്ഷകൾ ജൂലൈ 30 നകം തീർപ്പാക്കും: മന്ത്രി എ സി മൊയ്തീൻ

പ്രളയത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർ നൽകിയ അപ്പീൽ അപേക്ഷകൾ സംസ്ഥാന സർക്കാർ ജൂലൈ 30 നകം തീർപ്പാക്കുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ. ടൗൺഹാളിൽ ജില്ലയുടെ പ്രളയാനന്തര അതിജീവന ശ്രമങ്ങളെ പൊതുജന സമക്ഷം അവതരിപ്പിക്കുന്നതിനുള്ള ജില്ലാ ഭരണകൂടത്തിന്റെ ജനകീയം ഈ അതിജീവനം പൊതുജന സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. അർഹതപ്പെട്ട ഒരാൾക്കും ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടരുത് എന്നതാണ് സർക്കാർ നയം. അർഹർക്ക് സഹായങ്ങൾ എത്തിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

ചുവപ്പ് നാടയിൽ കുരുങ്ങി കേരളത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ തടസപ്പെടാൻ സർക്കാർ അനുവദിക്കില്ല. എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അവ സർക്കാർ പരിഹരിക്കും. കേരളത്തിന്റെ പുനർനിർമ്മാണത്തിന് എല്ലാവരും ഒത്തൊരുമിച്ച് നിൽക്കണം. സമാനതകളില്ലാത്ത ദുരന്തമാണ് 2018 ഓഗസ്റ്റ് മാസത്തിൽ കേരളം നേരിട്ടത്. അതിജീവനത്തിന്റെ ഭാഗമായി ജില്ലയിൽ മാത്രം 775 കോടിരൂപയുടെ പ്രവർത്തനങ്ങൾ നടത്തുകയും അർഹതപ്പെട്ടവർക്ക് സഹായങ്ങൾ നൽകുകയും ചെയ്തു. 500 വീടുകളാണ് കെയർ ഹോം പദ്ധതിയുടെ ഭാഗമായി ജില്ലയിൽ നിർമ്മിക്കുന്നത്. സംസ്ഥാനത്ത് ഈ രീതിയിൽ എറ്റവും കൂടുതൽ വീടുകൾ നിർമ്മിക്കുന്നത് ജില്ലയിലാണ്.

പ്രളയത്തിൽ സർക്കാരും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും, യുവാക്കളും, വീട്ടമ്മമാരും സന്നദ്ധപ്രവർത്തകരും, മത്സ്യതൊഴിലാളികളും ഉൾപ്പടെയുള്ളവർ മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ച്ചവെച്ചത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുൾപ്പടെയുള്ള മുഴുവൻ പണവും സുതാര്യമായാണ് സർക്കാർ ചെലവഴിക്കുന്നത്. മറിച്ചുള്ള പ്രചരണങ്ങൾ തെറ്റിദ്ധാരണജനകമാണ്. മത്സ്യതൊഴിലാളികളുടെ വീടുകൾ നവീകരിക്കുന്നതിന് 1300 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി വരികയാണ്.

31000 കോടിരൂപയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങളാണ് കേരളത്തിനാവശ്യമെന്നും ഇതിനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തുന്നതെന്നും മന്ത്രി പറഞ്ഞു. നിലവിൽ കേരളത്തിൽ കാലവർഷം ശക്തിപ്രാപിച്ചതിനാൽ തീരദേശമേഖലയിൽ ജാഗ്രതവേണമെന്നും വിവിധ പ്രദേശങ്ങളിലെ വെള്ളക്കെട്ട് പരിഹരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിര ഇടപെടൽ നടത്തണമെന്നും മന്ത്രി കൂട്ടിചേർത്തു.

## പ്രളയ നഷ്ട പരിഹാരം: അർഹതപ്പെട്ട ഒരാളെയും അവഗണിക്കില്ല: മന്ത്രി വി.എസ്. സുനിൽകുമാർ

പ്രളയത്തിൽ നഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിൽ അർഹതപ്പെട്ട ഒരാളെയും സർക്കാർ അവഗണിക്കില്ലെന്ന് സംസ്ഥാന കൃഷി വകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ. ചെയ്യാത്ത കാര്യങ്ങൾ മാത്രമല്ല, ചെയ്ത കാര്യങ്ങൾ കൂടി ജനങ്ങൾ അറിയണം. വീഴ്ചകൾ പരിഹരിക്കാൻ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. അപേക്ഷകൾ പുനഃപരിശോധിക്കുമ്പോൾ അർഹതപ്പെട്ട ഒരാളെയും ആനുകൂല്യങ്ങൾ നൽകുന്നതിൽ നിന്ന് ഒഴിവാക്കില്ല. പ്രളയം തകർത്ത ജില്ലയുടെ അതിജീവന ശ്രമങ്ങളെ പൊതുജന സമക്ഷം അവതരിപ്പിക്കുന്നതിനായി ജില്ലാ ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ തൃശൂർ ടൗൺ ഹാളിൽ സംഘടിപ്പിച്ച 'ജനകീയം ഈ അതിജീവനം' പൊതുജന സംഗമത്തിൽ അധ്യക്ഷ പ്രസംഗം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

2016ലെ വരൾച്ചയ്ക്കും 2017ലെ ഓഖിയ്ക്കും ശേഷം കേരളം കണ്ട മൂന്നാമത്തെ ദുരന്തമാണ് 2018ലെ പ്രളയം. പ്രളയത്തിൽ കാണിച്ച അതേ സഹകരണ മനോഭാവത്തോടെ പ്രളയാനന്തര പുനരധിവാസപ്രവർത്തനം മുന്നോട്ടു കൊണ്ടുപോകണമെന്നാണ് സർക്കാരിന്റെ ആഗ്രഹം. പ്രളയാനന്തരപ്രവർത്തനങ്ങൾ ഏവർക്കും വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന വിധം കണക്കുകൾ തയ്യാറാക്കുന്നുണ്ട്. പുനരധിവാസത്തിന് പുതിയ പദ്ധതികളും അവിഷ്കരിക്കുന്നുണ്ട്. ഒരു വർഷം കൊണ്ട് മനുഷ്യസാധ്യമായ രീതിയിൽ ചെയ്യുന്ന പ്രവർത്തനങ്ങൾ അതേ രീതിയിലും ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ട പദ്ധതികൾ അതേ രീതിയിലും നടപ്പാക്കും. ദുരന്തത്തിന് ശേഷം മറ്റുള്ളവർക്ക് മാതൃകയായ സുശക്തമായൊരു ആരോഗ്യസംവിധാനം ഉണ്ടായ സംസ്ഥാനമാണ് കേരളം. കിടന്നുറങ്ങാൻ പറ്റാത്ത വീടുകളല്ല, ആളുകളുടെ മനസ്സ് നിറയുന്ന വീടുകളാണ് സർക്കാരും സഹകരണബാങ്കുകളും നിർമ്മിച്ചു നൽകിയതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ജനകീയം ഈ അതിജീവനം: 23 പേർക്ക് വീടുകൾ കൈമാറി

പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്കായി നിർമ്മിച്ച് നൽകിയ 23 വീടുകളുടെ താക്കോൽദാനം തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീനും കൃഷിവകുപ്പ് മന്ത്രി അഡ്വ. വി.എസ് സുനിൽകുമാറും നിർവഹിച്ചു. ജനകീയം ഈ അതിജീവനം പൊതുജനസംഗമത്തിൻേറ ഭാഗമായി ടൗൺഹാളിൽനടന്ന ചടങ്ങിലാണ് വീടുകളുടെ താക്കോൽദാനം നിർവഹിച്ചത്. തൃശൂർ താലൂക്കിലെ ഒമ്പത് പേരും ചാലക്കുടി താലൂക്കിലെ അഞ്ച് പേരും തലപ്പിള്ളി താലൂക്കിലെ നാല് പേരും ചാവക്കാട് താലൂക്കിലെ അഞ്ചു പേരുമടക്കം 23 പേർക്കാണ് വീടുകളുടെ താക്കോൽ കൈമാറിയത്.

## ജനകീയം ഈ അതിജീവനം: 17 പേർക്ക് ഭൂരേഖ കൈമാറി

പ്രളയത്തിൽ ഭൂമി നഷ്ടമായവർക്ക് സർക്കാർ വാങ്ങി നൽകുന്ന ഭൂമിയുടെ രേഖകളുടെ കൈമാറ്റം തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി എ.സി. മൊയ്തീനും കൃഷിവകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാറും നിർവഹിച്ചു. ടൗൺഹാളിൽ ജനകീയം ഈ അതിജീവനം പൊതുജന സംഗമത്തിൻേറ ഭാഗമായി നടന്ന ചടങ്ങിലാണ് 17 പേർക്ക് രേഖകൾ കൈമാറിയത്. തൃശൂർ താലൂക്കിലെ 15 പേർക്കും ചാവക്കാട് താലൂക്കിലെ രണ്ട് പേർക്കുമാണ് ഭൂമിയുടെ രേഖ നൽകിയത്.

# പ്രളയപുനർനിർമ്മാണം: മാതൃകാ പ്രവർത്തനം കാഴ്ചവെച്ചവർക്ക് സർക്കാരിന്റെ ആദരം

പ്രളയദുരിതാശ്വാസ പ്രവർത്തനത്തിലും പുനർനിർമ്മാണ പ്രവർത്തനങ്ങളിലും മികച്ച പ്രവർത്തനം കാഴ്ച്ചവെച്ചവർക്ക് സർക്കാരിൻെറ ആദരം. ജനകീയം ഈ അതിജീവനം പൊതുജന സംഗമത്തിൻെറ ഭാഗമായി ടൗൺഹാളിൽ നടന്ന ചടങ്ങിലാണ് മന്ത്രിമാരായ എ.സി. മൊയ്തീൻെറയും അഡ്വ. വി.എസ്. സുനിൽകുമാറിൻെറയും നേതൃത്വത്തിൽ മാതൃകാ പ്രവർത്തനം കാഴ്ച്ചവെച്ചവരെ പുരസ്ക്കാരം നൽകി ആദരിച്ചത്.

പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്കായി സർക്കാർ ധനസഹായമില്ലാതെ തന്നെ അഞ്ഞൂറോളം വീടുകളുടെ നിർമ്മാണം ഏറ്റെടുത്ത് മാതൃകാപരമായ പ്രവർത്തനം കാഴ്ച വെച്ച ജില്ലയിലെ സഹകരണ സംഘം പ്രതിനിധികളെ ചടങ്ങിൽ ജില്ലാ ഭരണകൂടം ആദരിച്ചു. പ്രളയകാലത്ത് അപകട മുനമ്പിൽനിന്ന് സഹജീവികളെ രക്ഷിക്കാൻ സ്വന്തം ജീവൻ പോലും മറന്ന് പ്രവർത്തിച്ച മത്സ്യത്തൊഴിലാളി സമൂഹത്തെയും ആദരിച്ചു. പ്രളയകാലത്തെ തുടർന്ന് പ്രശംസനീയമായി പ്രവർത്തിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഉദ്യോഗസ്ഥർ, രക്ഷാപ്രവർത്തനത്തിലും ദുരിതാശ്വാസ പ്രവർത്തനത്തിലും ഏർപ്പെട്ട തൃശൂരിലെ യുവതയുടെയും വളണ്ടിയർമാരുടെയും വിദ്യാർഥികളുടെയും പ്രതിനിധികളായി മൈ തൃശൂർ വളണ്ടിയർ ഗ്രൂപ്പ് എന്നിവരും ആദരം ഏറ്റുവാങ്ങി. പ്രളയകാലത്ത് ദുരിതബാധിതർക്ക് താമസ സൗകര്യവും ഭക്ഷണവും മറ്റ് സൗകര്യങ്ങളും സൗജന്യമായി ഒരുക്കിനൽകിയ, ഇപ്പോഴും ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടരുന്ന കയ്പമംഗലം പെരിഞ്ഞനം മതിലകത്ത് വീട്ടിലെ ഷാഹുൽ ഹമീദിനേയും ആദരിച്ചു.-

# പെരിങ്ങൽക്കുത്ത് ഡാമിൽനിന്ന് ജലം തുറന്നുവിട്ടു; ജാഗ്രത പാലിക്കണം

പെരിങ്ങൽക്കുത്ത് ഡാമിൻെറ ജലനിരപ്പിൻെറ പരിധി 419.41 മീറ്ററിൽ നിലനിർത്തി ഡാമിലെ ജലം തുറന്നുവിടാനുള്ള ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം ജലം ചാലക്കുടി പുഴയിലേക്ക് തുറന്നുവിടാൻ തുടങ്ങി. ഇതുസംബന്ധിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിയ ശേഷമാണ് ഉച്ചയ്ക്ക് 12 മണിയോടെ പടിപടിയായി ജലം തുറന്നുവിട്ടത്.

ഡാം തുറന്നുവിടുന്നതു മൂലം പുഴയിലെ ജലനിരപ്പ് ക്രമാതീതമായി ഉയരാൻ സാധ്യതയുള്ളതിനാൽ പുഴയിൽ മത്സ്യബന്ധനത്തിലും മറ്റ് പ്രവൃത്തികളിലും ഏർപ്പെടുന്നതിന് ക്രമീകരണം ഏർപ്പെടുത്തിയതായി കളക്ടറുടെ ഉത്തരവിൽ പറഞ്ഞു. പുഴയുടെ ഇരുകരകളിലുമുള്ളവർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ കളക്ടർ അറിയിച്ചു.

# തിരുവോണം ബമ്പർ ടിക്കറ്റ് പ്രകാശനം ഇന്ന് (21)

സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൻെറ തിരുവോണം ബമ്പർ 2019 ഭാഗ്യക്കുറിയുടെ ടിക്കറ്റ് പ്രകാശനത്തിൻെറയും ആദ്യവിൽപനയുടെയും സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (ജൂലൈ 21) രാവിലെ 10ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ടിക്കറ്റ് പ്രകാശനം നിർവഹിക്കും. കൃഷി വകുപ്പ് മന്ത്രി അഡ്വ. വി.എസ് സുനിൽകുമാർ ആദ്യ വിൽപന നിർവഹിക്കും. ഭാഗ്യക്കുറി ക്ഷേമനിധി ബോർഡ് ചെയർമാൻ പി.ആർ ജയപ്രകാശ് ടിക്കറ്റ് ഏറ്റുവാങ്ങും. കോർപറേഷൻ മേയർ അജിത വിജയൻ സംബന്ധിക്കും.

# ബ്ലൂ ആർമി: ഏകദിന പരിശീലനം 22 ന്

ജലരക്ഷ ജീവരക്ഷയുടെ ഭാഗമായി തൃശൂർ ജില്ലാ പഞ്ചായത്തും കിലയും സംയുക്തമായി ബ്ലൂ ആർമി അംഗങ്ങൾക്കായി ഏകദിന പരിശീലനം നടത്തുന്നു. പരിശീലനത്തിന്റെ ഉദ്ഘാടനം കിലയിൽ ജൂലൈ 22 രാവിലെ 10 ന് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് നിർവഹിക്കും.

കില ഡയറക്ടർ ഡോ. ജോയ് ഇളമൺ അദ്ധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എൻ കെ ഉദയപ്രകാശ്, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി ചെയർപേഴ്സൺമാരായ ജെന്നി ജോസഫ്, മഞ്ജുളാരുണൻ, പദ്മിനി ടീച്ചർ, കെ ജെ ഡിക്സൺ എന്നിവർ മുഖ്യാതിഥികളാവും. ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ പി ഡി സിന്ധു പദ്ധതി വിശദീകരിക്കും. ജില്ലാ പ്ലാനിങ് ഓഫീസർ ടി ആർ മായ സ്വാഗതവും കില കോഴ്സ് കോർഡിനേറ്റർ രേണുകുമാർ നന്ദിയും പറയും.

തുടർന്ന് വടക്കാഞ്ചേരി മണ്ണുസംരക്ഷണ ഓഫീസർ അജിത്കുമാർ 'നീർത്തടാധിഷ്ടിത വികസനവും വിവിധ മണ്ണുജല സംരക്ഷണ മാർഗ്ഗങ്ങളും' എന്ന വിഷയത്തിലും കില ഫാക്കൽറ്റി വി കെ ശ്രീധരൻ 'ബ്ലൂ ആർമി കർമ്മ പഥത്തിലേക്കും' എന്ന വിഷയത്തിലും ചാലക്കുടി മണ്ണുസംരക്ഷണ ഓഫീസർ പ്രിൻസ് ടി കുര്യൻ 'കർമ്മപദ്ധതി അവതരണം' എന്ന വിഷയത്തിലും ക്ലാസ്സ് നയിക്കും.

## കേരള മീഡിയ അക്കാദമി
## അഭിമുഖം 26ന്

കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ ബിരുദാനന്തര ഡിപ്ലോമ കോഴ്സുകളിലേക്ക് നടത്തിയ പ്രവേശനപരീക്ഷയുടെ വെയിറ്റിംഗ് ലിസ്റ്റിലുള്ളവർക്കുള്ള അഭിമുഖം ജൂലൈ 26 ന് നടത്തും. ജേർണലിസം ആൻഡ് കമ്യൂണിക്കേഷൻ, ടെലിവിഷൻ ജേർണലിസം, പബ്ലിക് റിലേഷൻസ് ആൻഡ് അഡ്വർടൈസിങ് എന്നീ കോഴ്സുകളിലേക്ക് വെയിറ്റിംഗ് ലിസ്റ്റിൽ ഇന്റർവ്യൂവിന് അറിയിപ്പ് കിട്ടിയ അപേക്ഷകർ ജൂലൈ 26 ന് യോഗ്യത, വയസ്സ്, ജാതി തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം അക്കാദമിയുടെ എറണാകുളം കാക്കനാട് സിവിൽ സ്റ്റേഷനുസമീപമുള്ള ഓഫീസിൽ രാവിലെ 10.30നു ഹാജരാകണം. അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ഫീസായ 2000 രൂപ അടയ്ക്കണം. ഹോസ്റ്റൽ വേണ്ട പെൺകുട്ടികൾ 300 രൂപ അഡ്വാൻസായി അടയ്ക്കണം.

## അങ്കണവാടി ഹെൽപ്പർ അഭിമുഖം

ചാവക്കാട് ഐ.സി.ഡി.എസ് പ്രൊജക്ടിന്റെ പരിധിയിൽപ്പെട്ട ചാവക്കാട് മുനിസിപ്പാലിറ്റിയിലെ അങ്കണവാടികളിലെ ഹെൽപ്പർ തസ്തികയിലേക്കുള്ള അഭിമുഖം ജൂലൈ 25, 26, 27 തീയതികളിൽ ചാവക്കാട് മുനിസിപ്പൽ കോൺഫറൻസ് ഹാളിൽ നടക്കും. അഭിമുഖത്തിനുള്ള മെമ്മോ ലഭിച്ചവർ യോഗ്യത തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകേണ്ടതാണ്. ഫോൺ: 0487 - 2507707.

## യോഗം 26 ന്

സ്വാതന്ത്ര്യദിനാഘോഷവുമായി ബന്ധപ്പെട്ട ആലോചന യോഗം ജൂലൈ 26 വൈകീട്ട് നാലിന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

## റീടെണ്ടർ

മുല്ലശ്ശേരി ഐസിഡിഎസ് പ്രോജക്ടിൽ കരാർ അടിസ്ഥാനത്തിൽ വാഹനം വാടകക്ക് ലഭ്യമാക്കാൻ ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ഓഗസ്റ്റ് ഒൻപത് ഉച്ചയ്ക്ക് ഒരു മണി. ഫോൺ : 0487-22655570.

## പ്രോജക്ട് ഫെല്ലോ ഒഴിവ്

പീച്ചി കേരള വനഗവേഷണകേന്ദ്രത്തിൽ താൽക്കാലിക അടിസ്ഥാനത്തിൽ പ്രോജക്ട് ഫെല്ലോ തസ്തികയിൽ നിയമനം നടത്തുന്നു. ഏതെങ്കിലും സയൻസ് വിഷയത്തിലുള്ള ബിരുദാനന്തര ബിരുദമാണ് പ്രോജക്ട് ഫെല്ലോയുടെ യോഗ്യത. പ്രായം 2019 ജനുവരി ഒന്നിന് 36 വയസ്സ് കവിയരുത്. പിന്നോക്ക വിഭാഗക്കാർക്ക് നിയമാനുസൃത ഇളവ് ലഭിക്കും. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ജൂലൈ 30 രാവിലെ 10 ന് പീച്ചി ഓഫീസിൽ അഭിമുഖത്തിന് എത്തണം. ഫോൺ : 0487-2690100.

## താൽക്കാലിക നിയമനം

ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് വിവിധ പദ്ധതികൾക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. തസ്തിക, യോഗ്യത എന്നിവ യഥാക്രമം. വനിത കൗൺസിലർ-എംഎസ്ഡബ്ല്യൂ അല്ലെങ്കിൽ എംഎ സൈക്കോളജി, ഫിസിയോതെറാപ്പിസ്റ്റ്-ഫിസിയോതെറാപ്പി ബിരുദം, വാദ്യോപ കരണപരിശീലകൻ(ചെണ്ട)-ചെണ്ടയിലുള്ള വൈദഗ്ധ്യം, കെയർടേക്കർ-പത്താംതരം. താൽപര്യമു ള്ളവർ യോഗ്യത സർട്ടിഫിക്കറ്റിന്റെയും ആധാറിന്റെയും കോപ്പിയും അഞ്ച് രൂപയുടെ സ്റ്റാമ്പ് പതിച്ച് സ്വന്തം മേൽവിലാസം എഴുതിയ കവറും സഹിതമുള്ള അപേക്ഷ ജൂലൈ 30 നകം ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നൽകണം. ഫോൺ : 9961469061, 8281040180.

## എൻറോൾമെന്റ് ക്യാമ്പ് 31 വരെ

ആയുഷ്മാൻ ഭാരത്/കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതിയുടെ എൻറോൾമെന്റ് ക്യാമ്പ് വിവിധ കേന്ദ്രങ്ങളിൽ ജൂലൈ 31 വരെ നടക്കും. 2018-19 വർഷം വരെ സാധുതയുള്ള ആർഎ സ്ബിവൈ കാർഡുള്ളവർക്കും ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രധാനമന്ത്രി യുടെ കത്ത് ലഭിച്ചവർക്കും മാത്രമാണ് ക്യാമ്പിൽ എൻറോൾ ചെയ്യാൻ സാധിക്കുക. പദ്ധതിയിൽ എൻറോൾ ചെയ്യാൻ എത്തുന്ന കുടുംബത്തിലെ ഒരംഗം അവരുടെ റേഷൻ കാർഡ്, ആധാർ കാർഡ്, 2018-19 വർഷം വരെ സാധുതയുള്ള ആരോഗ്യ ഇൻഷൂറൻസ് കാർഡ്/പ്രധാനമന്ത്രിയുടെ കത്ത്, രജിസ്ട്രേഷൻ ഫീസ് 50 രൂപ എന്നിവയുമായി എൻറോൾമെന്റ് കേന്ദ്രത്തിൽ എത്തണം. ഒല്ലൂർ കമ്മ്യൂണിറ്റി ഹാൾ, ഒല്ലൂക്കര-പുളപ്പറമ്പ് കല്ല്യാണ മണ്ഡപം, കൊക്കാല കമ്മ്യൂണിറ്റി ഹാൾ എന്നിവയാണ് എൻറോൾമെന്റ് കേന്ദ്രങ്ങൾ. ഫോൺ : 7736221647.

## മുട്ടക്കൊഞ്ചിനെ ആവശ്യമുണ്ട്

അഴീക്കോട് മേഖലാ ചെമ്മീൻ വിത്തുൽപ്പാദന കേന്ദ്രത്തിൽ ആറ്റുകൊഞ്ചിന്റെ മുട്ടക്കൊ ഞ്ചിനെ ആവശ്യമുണ്ട് . വിശദവിവരങ്ങൾ 0487-2819698, 9847313523, 9074235904 എന്നീ നമ്പറുക ളിൽ നിന്ന് ലഭിക്കും.

## തെറാപ്പിസ്റ്റ് നിയമനം

മുളങ്കുന്നത്തുകാവ് ഇഎസ്ഐ നെഞ്ചുരോഗാശുപത്രയിലെ ആയുർവേദ വിഭാഗത്തിൽ ഫീമെയിൽ മാസ്സിയർ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. എസ്എസ്എൽസിയും മാസ്സിയർ പരിശീലനവുമാണ് യോഗ്യത. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ജൂലൈ 26 രാവിലെ 11 ന് എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷനു സമീപമുള്ള എറണാ കുളം നമ്പർ വൺ ഇഎസ്ഐ ഡിസ്പെൻസറി ഇൻഷൂറൻസ് മെഡിക്കൽ ഓഫീസറുടെ കാര്യാല യത്തിൽ അഭിമുഖത്തിന് എത്തണം.

## യോഗം 23 ന്

ബേട്ടീ ബച്ചാവോ ബേട്ടീ പഠാവോ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ജില്ലാതല ടാസ്ക് ഫോഴ്സ് യോഗം ജൂലൈ 23 വൈകീട്ട് നാലിന് ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേരും.

## സ്പോട്ട് അഡ്മിഷൻ

ഐ.എച്ച്.ആർ.ഡിയുടെ കീഴിലുള്ള എറണാകുളം, ചെങ്ങന്നൂർ, കരുനാഗപ്പള്ളി, ചേർത്തല, അടൂർ, കല്ലൂപ്പാറ, പൂഞ്ഞാർ, കൊട്ടരക്കര, ആറ്റിങ്ങൽ എന്നീ എഞ്ചിനീയറിംഗ് കോളേജുകളിൽ ഒഴിവുള്ള ബി. ടെക്ക് ബ്രാഞ്ചുകളിലേയ്ക്ക് ജൂലൈ 22 മുതൽ അതാത് എഞ്ചിനീയറിംഗ് കോളേജുകളിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തും. വിദ്യാർത്ഥികൾ രക്ഷിതാവിനോടൊപ്പം അഡ്മിഷൻ നേടാനാവശ്യമായ രേഖകളായ എൻട്രൻസ് പരീക്ഷ റാങ്ക് സർട്ടിഫിക്കറ്റ്, യോഗ്യതാ സർട്ടിഫിക്കറ്റ്, ടി.സി, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ഫീസ് തുടങ്ങിയവ സഹിതം അതാത് കോളേജ് പ്രിൻസിപ്പൽ മുമ്പാകെ ഹാജരാകണം. വിശദാംശങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. ഫോൺ : മോഡൽ എഞ്ചിനീയറിംഗ് കോളേജ്, എറണാകുളം (8547005097,

04842575370, 2577379), കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ചെങ്ങന്നൂർ (8547005032, 0479-2454125, 2451424), കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കരുനാഗപ്പള്ളി (8547005036, 0476 -2665935/2666160/2665000), കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ചേർത്തല (8547005038, 0478-2553416/2552714), കോളേജ് ഓഫ് എഞ്ചിനീയറിംഗ്, അടൂർ (8547005100, 0473-4231995/ 230640), കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കല്ലൂപ്പാറ (8547005034, 0469-2678983/ 2677890), കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പൂഞ്ഞാർ (8547005035, 0482-2271737), കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കൊട്ടരക്കര (8547005039, 0474-2453300) കോളേജ് ഓഫ് എഞ്ചിനീയറിംഗ്, ആറ്റിങ്ങൽ (8547005037, 0470-2627400).

## കേരള മീഡിയ അക്കാദമി
## മാധ്യമ അവാർഡുകൾക്ക് എൻട്രി ക്ഷണിച്ചു

കേരള മീഡിയ അക്കാദമിയുടെ 2018 ലെ മാധ്യമ അവാർഡുകൾക്ക് എൻട്രി ക്ഷണിച്ചു. 2018 ജനുവരി ഒന്നു മുതൽ ഡിസംബർ 31 വരെ മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളാണ് പരിഗണിക്കുക. ദിനപത്രങ്ങളിലെ മികച്ച എഡിറ്റോറിയലിനുള്ള വി.കരുണാകരൻ നമ്പ്യാർ അവാർഡ്, മികച്ച അന്വേഷണാത്മകറിപ്പോർട്ടിനുള്ള ചൊവ്വര പരമേശ്വരൻ അവാർഡ്, മികച്ച പ്രാദേശിക ലേഖകനുള്ള ഡോ.മൂർക്കന്നൂർ നാരായണൻ അവാർഡ്, മികച്ച ഹ്യൂമൻ ഇന്ററസ്റ്റ് സ്റ്റോറിക്കുള്ള എൻ.എൻ.സത്യവ്രതൻ അവാർഡ്, മികച്ച ന്യൂസ് ഫോട്ടോഗ്രാഫർക്കുള്ള അക്കാദമി അവാർഡ്, ദൃശ്യമാധ്യമ രംഗത്തെ മികച്ച പ്രവർത്തനത്തിനുള്ള അക്കാദമി അവാർഡ് എന്നിവയ്ക്കാണ് എൻട്രികൾ ക്ഷണിച്ചത്. റിപ്പോർട്ടിൽ/ഫോട്ടോയിൽ ലേഖകന്റെ/ഫോട്ടോഗ്രാഫറുടെ പേര് ചേർത്തിട്ടില്ലെങ്കിൽ സ്ഥാപനത്തിന്റെ മേലാധികാരിയുടെ ഇതു സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാകണം. ഒരാൾക്ക് പരമാവധി മൂന്ന് എൻട്രികൾ വരെ അയയ്ക്കാം. എൻട്രിയുടെ ഒരു ഒറിജിനലും മൂന്ന് കോപ്പികളും സഹിതം ആഗസ്ത് 10 വൈകിട്ട് 5 മണിക്കകം സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി - 682030 എന്ന വിലാസത്തിൽ ലഭിക്കണം. അയയ്ക്കുന്ന കവറിനുപുറത്ത് ഏത് വിഭാഗത്തിലേയ്ക്കുള്ള എൻട്രിയാണ് എന്ന് രേഖപ്പെടുത്തണം. ഫോട്ടോകൾ 10 X 8 വലുപ്പത്തിൽ പ്രിന്റുകൾ തന്നെ നൽകണം. 2018-ലെ ദൃശ്യമാധ്യമപ്രവർത്തകനുള്ള അവാർഡിന് പ്രേക്ഷകർക്കും പേര് നിർദ്ദേശിക്കാം. ഏതു മേഖലയിലെ ഏതു പ്രോഗ്രാമാണ് ശുപാർശ ചെയ്യുന്നത് എന്നും രേഖപ്പെടുത്തേണ്ടതുണ്ട്. പ്രേക്ഷകർക്ക് അക്കാദമിയുടെ വിലാസത്തിലോ keralamediaacademy.gov @gmail.com എന്ന ഇ-മെയിലിലോ ശുപാർശ അയയ്ക്കാം. ഫലകവും 25000 രൂപയും പ്രശസ്തി പത്രവുമാണ് പുരസ്കാരജേതാക്കൾക്കു ലഭിക്കുക.

## ലേലം

തൃശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയുടെ അധീനതയിലുള്ള വിവിധ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിരിക്കുന്നതും അവകാശികൾ ഇല്ലാത്തതും കണ്ടുകെട്ടിയതുമായ 323 വാഹനങ്ങൾ www.mstcecommerce.com എന്ന വെബ് സൈറ്റ് മുഖാന്തിരം ആഗസ്റ്റ് 28 ഓൺലൈൻ ലേലം ചെയ്യും. താൽപര്യമുള്ളവർക്ക് ആഗസ്റ്റ് 21 നകം വാഹനങ്ങൾ പരിശോധിക്കാം. വാഹനങ്ങളുടെ മേൽ എന്തെങ്കിലും അവകാശവാദം ഉന്നയിക്കാനുണ്ടെങ്കിൽ ആഗസ്റ്റ് 19 നകം ബന്ധപ്പെട്ട രേഖ സഹിതം അതാത് സ്റ്റേഷൻ ഹൗസ് ഓഫീസർമാർ മുമ്പാകെ ഹാജരാകണം. ഫോൺ : 0487-2426511.